സുപ്രഭാതം

20 May 2017

# മത്സ്യലഭ്യതയിൽ നേരിയ വർധന; മത്തിയിൽ വീണ്ടും ഇടിവ്

കൊച്ചി: രാജ്യത്തെ സമുദ്ര മത്സ്യ ലഭ്യതയിൽ നേരിയ വർധനവുണ്ടായതായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) അധികൃതർ വാർത്താസമ്മേളനത്തിൽ അറിയിച്ചു. മൊത്തം 6.6 ശതമാനം വർധനവാണ് ഉണ്ടായത്. അതേസമയം കഴിഞ്ഞ വർഷം ഇന്ത്യൻ തീരങ്ങളിൽനിന്ന് ലഭിച്ച മീനുകളുടെ അളവിൽ കേരളം നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. 2016ലെ സമുദ്ര മത്സ്യ ലഭ്യതയെ കുറിച്ച് കൊച്ചി ആസ്ഥാനമായി തയാറാക്കിയ വാർഷിക പഠന റിപ്പോർട്ടിൽ രാജ്യത്ത് മൊത്തമായും കേരളത്തിൽ പ്രത്യേകിച്ചും മത്തിയുടെ ലഭ്യതയിൽ വീണ്ടും കുറവ് കണ്ടെത്തി. റിപ്പോർട്ടിൽ സംസ്ഥാനത്ത് മത്തി കൂടാതെ അയലയുടെ ലഭ്യതയിലും കുറവുണ്ടായതായി ബോധ്യമായിട്ടുണ്ട്. 1998ന് ശേഷം കേരളത്തിൽ മത്തി ഇത്രയും കുറയുന്നത് ആദ്യമാണ്. മുൻ വർഷത്തേക്കാൾ 32.8 ശതമാനം കുറഞ്ഞു. 45,958 ടൺ മത്തിയാണ് കഴിഞ്ഞ വർഷം കേരളത്തിൽ ലഭിച്ചത്. 2015ൽ ഇത് 68,431 ആയിരുന്നു. 2012 ൽ 3.9 ലക്ഷം ടൺ മത്തി കേരള തീരങ്ങളിൽ നിന്ന് ലഭിച്ചിരുന്നു. ഇതിന് ശേഷം ഓരോ വർഷവും മത്തിയുടെ ലഭ്യത കുറഞ്ഞു വരികയാണ്.

കഴിഞ്ഞ വർഷം മാത്രം മത്തിയുടെ കുറവ് മൂലം 1,300 കോടി നഷ്ടമാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത്. മാത്രമല്ല, 2015നെ അപേക്ഷിച്ച് കഴിഞ്ഞ വർഷം അയലയുടെ ലഭ്യതയിൽ 33 ശതമാനം കുറവുണ്ടായതായി സി.എം.എഫ്.ആർ.ഐയുടെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. 47,253 ടൺ അയലയാണ് കഴിഞ്ഞ വർഷം കേരളത്തിൽ ലഭിച്ചത്. കേരളത്തിൽ കഴിഞ്ഞ വർഷം ഏറ്റവും കൂടുതൽ ലഭിച്ചത് തിരിയാൻ മത്സ്യമാണ്. ഇത് കൂടുതലും വളം, കാലിത്തീറ്റ എന്നി ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചുവരുന്നത്. രണ്ടാം സ്ഥാനത്ത് അയലയാണ്. മത്തിയും അയലയും കഴിഞ്ഞാൽ സാധാരണയായി കൂടുതൽ കാണപ്പെടുന്ന കിളിമീനിന്റെ ലഭ്യതയിലും ഇത്തവണ കുറവുണ്ടായിട്ടുണ്ട്.

മത്സ്യ ലഭ്യതയിൽ കേരളം ആദ്യമായാണ് നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെടുന്നത്. 2013 മുതൽ കേരളത്തിന് ഒന്നാം സ്ഥാനം നഷ്ടമായിരുന്നു. ഗുജറാത്ത് തന്നെയാണ് തുടർച്ചയായി നാലാം വർഷവും ഒന്നാം സ്ഥാനത്തുള്ളത് (7.74 ലക്ഷം ടൺ). തമിഴ്നാട്, കർണാടക എന്നി സംസ്ഥാനങ്ങളാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ.

എന്നാൽ, കേരളത്തിന്റെ മത്സ്യ ലഭ്യതയിൽ മുൻ വർഷത്തേക്കാൾ എട്ട് ശതമാനം വർധനവുണ്ടായിട്ടുണ്ട്. 5.23 ലക്ഷം ടൺ മത്സ്യമാണ് 2016ൽ കേരള തീരത്ത് നിന്ന് ലഭിച്ചത്. 2015ൽ ഇത് 4.82 ലക്ഷം ടൺ ആയിരുന്നു. ഇതര മത്തി വർഗങ്ങൾ, തിരിയാൻ, പെർച്ച് മത്സ്യങ്ങൾ എന്നിവയിലുണ്ടായ വർധനവാണ് കേരളത്തിന്റെ മൊത്ത മത്സ്യ ലഭ്യതയിൽ ചെറിയ വർധനവിന് കാരണമായത്. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഗോപാലകൃഷ്ണൻ, ഡോ. ടി.വി സത്യാനന്ദൻ, ഡോ. സുനിൽ മുഹമ്മദ്, ഡോ. ജി. മഹേശ്വരുഡു, ഡോ. പ്രതിഭാ രോഹിത്, ഡോ. പി.യു സക്കറിയ പങ്കെടുത്തു.